I/21662/2024

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

| | |
|---|---|
| വിഷയം:- | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - വരണാധികാരികൾക്ക് നൽകുന്ന സീക്രട്ട് സീൽ ലഭ്യമാക്കുന്നത്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് |
| സൂചന:- | 06/05/2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ |

ഉത്തരവ് നം. B5/9/2021/SEC തീയതി. 22-01-2024

**സർക്കുലർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓരോ തിരഞ്ഞെടുപ്പിനും മുന്നോടിയായി റിട്ടേണിംഗ് ഓഫീസർ സീക്രട്ട് സീൽ നൽകുന്നുണ്ട്. പ്രസ്തുത സീൽ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വരണാധികാരികൾ സീക്രട്ട് സീൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നിന്ന് മുൻകൂട്ടി വാങ്ങി സൂക്ഷിക്കേണ്ടതാണ്.
2. ഇതിനായി വരണാധികാരികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അനുബന്ധമായി നൽകിയിരിക്കുന്ന ഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്.
3.വരണാധികാരികൾക്കോ വരണാധികാരി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്ന് നേരിട്ട് സീക്രട്ട് സീൽ കൈപ്പറ്റാവുന്നതാണ്.
4. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓരോ വരണാധികാരിക്കുമുള്ള സീക്രട്ട് സീൽ മുദ്ര വച്ച കവറിൽ നൽകുന്നതാണ്. പ്രസ്തുത കവർ അതാത് വരണാധികാരികൾ മാത്രമേ തുറക്കാവൂ.
5. സീക്രട്ട് സീൽ ഉപയോഗിച്ച് സീൽ ചെയ്യേണ്ടതായ പായ്ക്കറ്റുകൾ സീൽ ചെയ്തതിനുശേഷം സീക്രട്ട് സീൽ ഒരു പ്രത്യേക പായ്ക്കറ്റിൽ വയ്ക്കേണ്ടതാണ്.
6. സ്ഥാനാർത്ഥികളെ അല്ലെങ്കിൽ അവരുടെ തിരഞ്ഞെടുപ്പ് ഏജന്റുമാരെ അല്ലെങ്കിൽ കൗണ്ടിംഗ് ഏജന്റുമാരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുവേണ്ടി ഉപയോഗിച്ച കമ്മീഷന്റെ സീക്രട്ട് സീലിന്റെ നമ്പർ കുറിച്ചെടുക്കാൻ അനുവദിക്കാവുന്നതാണ്.
7. വോട്ടെണ്ണൽ പൂർത്തിയായി 24 മണിക്കൂറിനുള്ളിൽ സീക്രട്ട് സീൽ നേരിട്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് നിർബന്ധമായും തിരികെ നൽകേണ്ടതാണ്.

Surendran Pillai B
SECRETARY

I/15729/2022

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം –695033

**സീക്രട്ട് സീൽ ലഭിക്കുന്നതിനായി വരണാധികാരികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കേണ്ട അപേക്ഷ ഫാറം**

**ഭാഗം– എ**

1) ജില്ല :
2) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നമ്പരും പേരും :
3) വരണാധികാരിയുടെ പേര് :
4) വരണാധികാരിയുടെ തസ്തികയും ഔദ്യോഗിക മേൽവിലാസവും :
5) വരണാധികാരിയുടെ PEN നമ്പർ :
6.a) വരണാധികാരി നേരിട്ടാണോ സീക്രട്ട് സീൽ കൈപ്പറ്റുന്നത് : അതെ/അല്ല
6.b) നേരിട്ട് അല്ലെങ്കിൽ :
(i) സീക്രട്ട് സീൽ കൈപ്പറ്റുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേര്
(ii) ഉദ്യോഗസ്ഥന്റെ തസ്തികയും ഔദ്യോഗിക മേൽവിലാസവും :
(iii) ഉദ്യോഗസ്ഥന്റെ PEN നമ്പർ :
(iv) സീക്രട്ട് സീൽ കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ കയ്യൊപ്പ് :

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥനെ എനിക്കു വേണ്ടി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്ന് സീക്രട്ട് സീൽ കൈപ്പറ്റുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതായും, പ്രസ്തുത ഉദ്യോഗസ്ഥന്റെ കയ്യൊപ്പാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും സാക്ഷ്യപ്പെടുത്തുന്നു.

തീയതി :

വരണാധികാരിയുടെ ഒപ്പ്:

വരണാധികാരിയുടെ പേര്:
തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്:

7) സീക്രട്ട് സീൽ കൈപ്പറ്റുന്നയാളിന്റെ പേരും കയ്യൊപ്പും :

**ഭാഗം– ബി**
(ഓഫീസ് ഉപയോഗത്തിന്)

സീക്രട്ട് സീലിന്റെ നമ്പർ :
സീക്രട്ട് സീൽ നൽകുന്ന തീയതി :

സീക്രട്ട് സീൽ നൽകിയ ഉദ്യോഗസ്ഥന്റെ പേര് :

തീയതി :

സെക്ഷൻ ഓഫീസർ